**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 133** **23-08-2022 - ൽ മറുപടിയ്ക്ക്**

**സൈബർ സാമ്പത്തിക കുറ്റകൃത്യങ്ങൾ അന്വേഷിക്കാൻ പോലീസ് ഉദ്യോഗസ്ഥരുടെ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഇ-കോമേഴ്സ് വിപണി സജീവമായതോടെ ഓൺലൈൻ വ്യാപാരത്തിലെ കുറ്റകൃത്യങ്ങൾ, എ.ടി.എം. തട്ടിപ്പ്, സാമൂഹ്യ മാധ്യമങ്ങൾ വഴിയുള്ള തട്ടിപ്പ്, ഓഹരി കമ്പോളത്തിലെ കബളിപ്പിക്കൽ, സ്വകാര്യചിട്ടി തട്ടിപ്പ് എന്നിവ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ സൈബർ സാമ്പത്തിക കുറ്റകൃത്യങ്ങൾ അന്വേഷിക്കാൻ പരിശീലനം നേടിയ പോലീസ് ഉദ്യോഗസ്ഥരെ നിയമിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (എ) | ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സാമ്പത്തിക കുറ്റകൃത്യങ്ങൾ അന്വേഷിക്കുന്നതിനായി 17.03.2022-ലെ സർക്കാർ ഉത്തരവ് (കൈ) നം. 51/2022/ആഭ്യന്തരം പ്രകാരം പോലീസ് ഇൻസ്പെക്ടർ ജനറൽ - 1, പോലീസ് സൂപ്രണ്ട് - 4, ഡി.വൈ.എസ്.പി. - 11, ഇൻസ്പെക്ടർ - 19, എസ്.ഐ. - 29, എസ്.സി.പി.ഒ. - 73, സി.പി.ഒ. - 73, ഡ്രൈവർ - 16, സീനിയർ സൂപ്രണ്ട് - 1, ജൂനിയർ സൂപ്രണ്ട് - 1, സീനിയർ ക്ലർക്ക് - 2, ക്ലർക്ക് - 2, സി.എ. - 1 എന്നിങ്ങനെ 233 തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് സംസ്ഥാനത്ത് പുതുതായി സാമ്പത്തിക കുറ്റകൃത്യ അന്വേഷണവിഭാഗം ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ